**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3876** **17-03-2025 - ൽ മറുപടിയ്ക്ക്**

**പോത്തൻകോട് യുവാവിനെ ആക്രമിച്ച സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 23.02.2025 ന് പോത്തൻകോട് പോലീസ് സ്റ്റേഷൻ പരിധിയിൽ വച്ച് ഫിർണസ് എന്ന യുവാവിനെ ലഹരിക്ക് അടിമകളായി ആക്രമിച്ചവർ ആരെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | സുജിത്ത്, പ്രണവ്, ധീരജ്, അമൽ, പ്രജീഷ് എന്നിവരാണ് പ്രതികളുടെ പട്ടികയിൽ ഉള്ളത് . |
| (ബി) | അക്രമി സംഘത്തിൽ ഉൾപ്പെട്ടിരുന്ന പോലീസ് ഉദ്യോഗസ്ഥന്റെ പേര്, റാങ്ക്, ഡ്യൂട്ടി നിർവഹിക്കുന്ന പോലീസ് സ്റ്റേഷൻ എന്നിവ വ്യക്തമാക്കുമോ; | (ബി) | തിരുവനന്തപുരം റൂറൽ DHQ - ൽ നിന്നും കഠിനംകുളം പോലീസ് സ്റ്റേഷനിൽ ഡ്രൈവിംഗ് ഡ്യൂട്ടി നോക്കിവരുന്ന DVR CPO18547സുജിത്ത് കേസിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| (സി) | അക്രമം നടത്തിയവർക്കെതിരെ പോത്തൻകോട് പോലീസ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (സി) | പോത്തൻകോട് പോലീസ് സ്റ്റേഷനിൽ ക്രൈം.നമ്പർ 250/2025 U/s 296(b), 189(2), 190, 126(2), 115(2), 118(1), 118(2) പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) | അക്രമി സംഘത്തിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥനെതിരെ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | (ഡി) | DVR CPO18547 സുജിത്തിനെതിരായ ആരോപണത്തിൽ വകുപ്പ തലത്തിൽ അന്വേഷണം നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ